# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2951

07.12.2018-ലെ മറുപടി

## കോന്നി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | കോന്നി നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ താഴെപറയുന്നവയാണ്.<br>1. കോന്നി അരുവാ പുലം ശുദ്ധജല വിതരണ പദ്ധതി<br>2. പൊന്തനാംകുഴി ശുദ്ധജല വിതരണ പദ്ധതി<br>3. മലയാലപ്പുഴ ശുദ്ധജല വിതരണ പദ്ധതി<br>4. പ്രമാടം ശുദ്ധജല വിതരണ പദ്ധതി<br>5. കോന്നി താഴം ശുദ്ധജല വിതരണ പദ്ധതി<br>6. വള്ളിക്കോട്, കൊടുമൺ, അങ്ങാടിക്കൽ ശുദ്ധജല വിതരണ പദ്ധതി<br>7. തണ്ണിത്തോട് ശുദ്ധജല വിതരണ പദ്ധതി<br>നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ<br>1. കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള പദ്ധതി<br>2. സീതത്തോട്, നിലക്കൽ, പ്ലാപ്പള്ളി ഒന്നാംഘട്ട പദ്ധതി |
| (ബി) | അവയുടെ ഓരോന്നിന്റെയും നിലവിലുള്ള | (ബി) | നിലവിലുള്ള പദ്ധതികളിൽ വള്ളിക്കോട് |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; | | കൊട്ടുമൺ പദ്ധതി 2008 ലും കോന്നി താഴം പദ്ധതി 2012 ലും കമ്മീഷൻ ചെയ്തവയാണ്. മലയാലപ്പുഴ പദ്ധതി 2014-ൽ കമ്മീഷൻ ചെയ്തതാണ്. ബാക്കി പദ്ധതികൾ എല്ലാം തന്നെ 30 വർഷം പഴക്കം ഉള്ളവയാണ്. കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയുടെ 50% പ്രവൃത്തികൾ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ 70% പൂർത്തിയാക്കി. ഇൻടേക്ക് കിണറിന്റെ പണി ഉടൻ ആരംഭിക്കും. സീതത്തോട്, നിലക്കൽ, പ്ലാപ്പള്ളി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ ജലശുദ്ധീകരണ ശാല, കിണർ, പമ്പ്ഹൗസ് എന്നിവ 90% പൂർത്തിയാക്കി. |
| (സി) | ഇനിയും ആരംഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണ്; ആയതിലേക്ക് നാളിതു വരെയായി എന്തെല്ലാം തുടർ നടപടികൾ കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കോന്നി നിയോജക മണ്ഡലത്തി നിലവിൽ ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**